S434
18/5/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സർക്കാർ അനുമതിയില്ലാതെ എസ്.എസ്.എൽ.സി, +2 പാസ്സായ അന്തേവാസികളായ കുട്ടികൾക്ക് വാച്ച് വാങ്ങി നൽകിയതിന് സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

=================================================================

## സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം. 261/15/സാനീവ തിരുവനന്തപുരം, തീയതി, 07.05.2015

=================================================================

പരാമർശം: സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 11.11.2013 ലെ പി.ഡി.എം.സി4/16559/13 നമ്പർ കത്തും 19.11.2014 ലെ ഐ.സി.പി.എസ് 3/16559/13 നമ്പർ കത്ത്

### <u>ഉത്തരവ്</u>

സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ അന്തവാസികളായ വിദ്യാർത്ഥി വിദ്യാർത്ഥിനികളിൽ എസ്.എസ്.എൽ.സി, +2 പാസ്സായവർക്ക് 26.12.2013 -ൽ നടന്ന സാമൂഹ്യനീതി ദിനാഘോഷത്തിൽ വച്ച് 77040/- രൂപ ചെലവഴിച്ച് ജയിൽ വകുപ്പിന്റെ ഡിപ്പാർട്ട്മെന്റ് സ്റ്റോറിൽ നിന്ന് വാച്ചുകൾ വാങ്ങി നൽകിയിരുന്നു. സാമൂഹ്യനീതി ദിനാഘോഷം സംബന്ധിച്ച അന്തിമതീരുമാനം ലഭിക്കാൻ കാലതാമസം നേരിട്ടതിനാലാണ് നിലവിലുള്ള വ്യവസ്ഥകൾ പാലിക്കാതെയും ക്വട്ടേഷൻ ക്ഷണിക്കാതെയും വാച്ചുകൾ വാങ്ങിയെന്നും ഇതിന് സാധൂകരണം നൽകണമെന്നും ടി തുക 2235 -02 -102 -61(പി) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശത്തിലെ കത്ത് പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മുൻകൂർ അനുമതി വാങ്ങാതെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ വാച്ച് വാങ്ങി നൽകിയ പ്രവർത്തിക്ക് സാധൂകരണം നൽകിയും, 77040/- (എഴുപത്തി ഏഴായിരത്തി നാല്പത് രൂപ മാത്രം)രൂപ നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-102-61 (പി) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ടെസ്സി.പി.ജോസ്**
ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ്) കേരളം , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ( എ & ഇ) കേരളം , തിരുവനന്തപുരം
ധനകാര്യ വകുപ്പ് (ww- ww3/94/14/ധന നമ്പർ ഫയൽ പ്രകാരം)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (4474/എ 2/15/ പ്ലാനിംഗ് നം ഫയൽ പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ